## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3869. 27.06. 2012-ൽ മറുപടിയ്ക്ക്**

## പാൻമസാല നിരോധനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | പാൻമസാല നിരോധനം കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിച്ചുവോ; | (എ) | പാൻമസാല നിരോധനം ഫലപ്രദമായി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ കടകളിൽ വേണ്ടവിധം പാൻമസാലയുടെ പരിശോധന നടത്താറുണ്ടോ; | (ബി) | 22.05.2012- ലെ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നിരോധന ഉത്തരവ് ഇറങ്ങിയ അന്നു മുതൽ തന്നെ ചില്ലറ വിൽപ്പന കർശനമായി തടഞ്ഞിരുന്നു. സംസ്ഥാന വ്യാപകമായി ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ ഇതിനകം തന്നെ പൂഴ്ത്തി വെയ്ക്കപ്പെട്ട 10 ടണ്ണോളം നിരോധിക്കപ്പെട്ട ഉല്പന്നങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. തുടർന്നും നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഏതെങ്കിലും പ്രദേശത്ത് നിരോധനം ലംഘിച്ച് പാൻമസാല വിറ്റതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാന വ്യാപകമായി ഇതിനകം 10 ടണ്ണോളം നിരോധിക്കപ്പെട്ട ഉല്പന്നങ്ങൾ വ്യാപാരികളിൽ നിന്ന് പിടിച്ചെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ